# കർഷകരെ കാർഷിക സംരംഭകരാക്കും: മന്ത്രി വി.എസ്. സുനിൽകുമാർ

**തൃശൂർ:** പ്രയോജനപ്പെടുത്താത്ത കാർഷിക വിളകളെ പ്രയോജനപ്പെടുത്തി മൂല്യവർധിത ഉത്പാദനം കൂട്ടി, കർഷകരുടെ വരുമാനം വർധിപ്പിക്കുമെന്നും ഇതിലൂടെ കർഷകരെ കാർഷിക സംരംഭകരാക്കി മാറ്റുമെന്നും മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. വൈഗ 2017ൽ യുവകർഷക സംരംഭകത്വ ശിൽപശാലയിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

കർഷകർക്ക് അധികവരുമാനത്തോടൊപ്പം, സുരക്ഷിത-ആരോഗ്യ ഭക്ഷണം ഉറപ്പുവരുത്തുവാൻ ജൈവ കാർഷിക വിളകളെ പ്രയോജനപ്പെടുത്തണമെന്നു മന്ത്രി പറഞ്ഞു. നാളികേരം, വാഴപ്പഴം, തേൻ എന്നീ വിളകളിലും മറ്റ് കാർഷിക വിളകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി വിവിധ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ ഏകോപനമുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു.

മൂല്യവർധനവിന് അനുയോജ്യമായ സാങ്കേതിക വിദ്യകൾ, പാക്കിംഗ്, വിപണനം എന്നീ കാർഷിക സംരംഭകത്വം നേരിടുന്ന പ്രശ്നങ്ങളെല്ലാം ശിൽപശാലയിൽ ചർച്ചചെയ്തു.

ഡോ. പി. രാജശേഖരൻ അധ്യക്ഷനായി. സംരംഭകത്വ മേഖലയിലെ വിദ്ഗ്ധർ ചർച്ചകൾക്കു നേതൃത്വം നൽകി.

Deepika 31.12.17